78 (658) പടിയൂർ ഗോപികുമാർ എസ്റ്റേറ്റിലെ മിച്ചഭൂമി വിതരണം

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പടിയൂർ ഗോപികുമാർ എസ്റ്റേറ്റിലെ മിച്ച ഭൂമി ആർക്കെല്ലാമാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഭൂമി നൽകിയവരുടെ മേൽവിലാസവും സ്ഥലവിസ്തൃതിയും വെളിപ്പെടുത്തുമോ; ഇവരിൽ പട്ടികജാതി-പട്ടികവർഗത്തിൽപ്പെട്ടവർ ആരെല്ലാമാണ്;

(സി) ഗോപികുമാർ എസ്റ്റേറ്റിൽ ഭൂമി നൽകിയവരിൽ അനർഹരായ പലരും കടന്നുകൂടിയതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) പ്രസ്തുത ഭൂമി 620 പേർക്കാണ് നൽകിയിട്ടുള്ളത്. ഭൂമി നൽകിയവരുടെ വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ 1 മുതൽ 323 വരെയുള്ളവർ പട്ടികജാതി/പട്ടിക വർഗത്തിൽപ്പെടുന്ന കർഷകത്തൊഴിലാളികളാണ്.

(സി)&(ഡി) ഉണ്ട്. ഇപ്രകാരം ലഭിച്ച പരാതികളിൽ അന്വേഷണം നടത്തുന്നതിനും പ്രസ്തുത അന്വേഷണം പൂർത്തിയാകുംവരെ പരാതിയിൽ പരാമർശിച്ചിട്ടുള്ളവർക്ക് ഭൂമി കൈമാറ്റം നിർത്തിവെയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

79 (659) തിരുവാലി പഞ്ചായത്തിലെ കോളനിവാസികൾക്ക് കൈവശരേഖ നൽകാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരുവാലി പഞ്ചായത്തിലെ എ.കെ.ജി. കോളനിയിലെ താമസക്കാർക്ക് കൈവശ രേഖ നൽകാൻ ഗവൺമെന്റിന് സമർപ്പിച്ച അപേക്ഷയിൽ എന്തൊക്കെ തീരുമാനം കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടത്തെ കുടികിടപ്പുകാർക്ക് കൈവശരേഖ നൽകാൻ എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) എ.കെ.ജി. കോളനിയിലെ കുടിയാന്മാർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) പ്രസ്തുത ഭൂമി കേരള ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള മിച്ചഭൂമിയാണ്. ഈ ഭൂമിയിൽ ലാന്റ് ട്രിബ്യൂണൽ പട്ടയം നൽകിയവരും അല്ലാത്തവരുമായ കൈവശക്കാരുള്ളതായി കാണുന്നു. കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ, കൈവശത്തിന്റെ സ്വഭാവം, ലാന്റ് ട്രിബ്യൂണലുകൾ നൽകിയ പട്ടയത്തിന്റെ സാധ്യത എന്നിവ കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടു

LIBRARY ARCHIVES Kerala Legislative Assembly